**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 967** **30-06-2022 - ൽ മറുപടിയ്ക്ക്**

**പഴശ്ശി ജലസേചന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പഴശ്ശി ജലസേചന പദ്ധതി ജനങ്ങൾക്ക് ഉപയോഗിക്കാൻ കഴിയുന്ന രീതിയിൽ വിപുലീകരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (എ) | പഴശ്ശി ജലസേചന പദ്ധതിയുടെ ഒന്നാം ഘട്ട നവീകരണ പ്രവർത്തനം എന്ന നിലയിൽ പദ്ധതിയുടെ മെയിൻ കനാൽ പറശ്ശിനിക്കടവ് നീർപാലം വരെയും മാഹി ബ്രാഞ്ച് കനാൽ മുഴുവനായും നവീകരണ പ്രവർത്തനം നടന്നു വരുന്നു. പ്രസ്തുത കനാലുകളുടെ നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി 2023 വർഷാവസാനത്തോടെ ജലവിതരണം പുനഃസ്ഥാപിക്കാമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| (ബി) | പ്രസ്തുത പദ്ധതിയിൽ നിന്ന് കൃഷി ആവശ്യത്തിന് ജലസേചനം നടത്താൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | പഴശ്ശി ജലസേചന പദ്ധതി സൗന്ദര്യവത്കരിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | ഹരിതകേരള മിഷന്റെ നേതൃത്വത്തിൽ കനാൽ റോഡിന്റെ ഇരുവശങ്ങളിലും Outer embankment സ്ഥലത്തും ആകർഷകമായ ചെടികൾ വെച്ച് പിടിപ്പിക്കുന്നതിനും ശുചിത്വമിഷന്റെ നേതൃത്വത്തിൽ കനാലിലെ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനും തീരുമാനം ആയിട്ടുണ്ട്. പഴശ്ശി ബാരേജിലും ഇൻസ്പെക്ഷൻ ഗ്യാലറിയിലും ലൈറ്റ് അറേഞ്ച്മെന്റ് പുനഃസ്ഥാപിച്ചിട്ടുണ്ട്. ഡാം സൈറ്റിൽ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ